# ജില്ലാ സ്കൂൾ കലോത്സവം: ലോഗോ പ്രകാശനം ചെയ്തു





റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ തിരുവല്ല നഗരസഭ വൈസ് ചെയർമാൻ ജോസ് പഴയിടം പ്രകാശനം ചെയ്യുന്നു

**തിരുവല്ല**

29 മുതൽ ഡിസംബർ 2 വരെ തിരുമൂലപുരത്ത് നടക്കുന്ന റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. കോന്നി റിപ്പബ്ലിക്കൻ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി ബി നീരജനാണ് ലോഗോ തയ്യാറാക്കിയത്. കലോത്സവത്തിന്റെ ഭാഗമായി ജില്ലയിലെ സ്കൂൾ വിദ്യാർഥികളിൽ നിന്നും ക്ഷണിച്ച ലോഗോയിൽ നിന്നും തെരഞ്ഞെടുത്ത മികച്ച ലോഗോ തിരുവല്ലാ മുനിസിപ്പൽ വൈസ് ചെയർമാൻ ജോസ് പഴയിടം പ്രകാശനം ചെയ്തു. വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ ഷീലാ കരിമ്പിൽ കാല അധ്യക്ഷയായി. കൗൺസിലർമാരായ ശ്രീനിവാസ് പുറക്കാട്, ലിജു എം സഖറിയ, സജി എം മാത്യു, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ രേണുകാ ഭായി, ഷീലാകുമാരിയമ്മ, പി ആർ പ്രസീന, വിവിധകമ്മിറ്റി കൺവീനർമാരായ, കെ എം എം സലിം, ബിനു ജേക്കബ് നൈനാൻ, വി ജി കിഷോർ, വി എ പ്രശാന്ത് കുമാർ , ചാന്ദിനി, ടി എം അൻവർ , ജിജി സാം മാത്യു, രാജേന്ദ്രൻ , ബിജു കുമാർ, സജി അലക്സാണ്ടർ, റഹ്മത്തുല്ലാ ഖാൻ, സന്ധ്യ, ടി എച്ച് ഹാഷിം, ഷിബു ചെപ്പിള്ളി, വി കെ മിനികുമാരി, അതില എന്നിവർ സംസാരിച്ചു.